ലേക്കു പോകാതെ ഇവിടെയും ഇപ്പോഴുമുള്ള അനുഭൂതികളിൽ ഊന്നുന്നു എന്നതിനാൽ ഈ വീക്ഷണം മതത്തിന്റേതായ ആത്മവീക്ഷണത്തിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

## 8. കർണാടക സംസ്ഥാനത്തിലെ കോഴക്കോളേജുകൾ

പ്രവേശനത്തിനു മുമ്പ് വിദ്യാർത്ഥികളിൽനിന്നു കനത്ത കോഴ വാങ്ങുന്ന പ്രൈവറ്റ് മെഡിക്കൽ–എൻജിനീയറിങ് കോളേജുകൾക്കു കുപ്രസിദ്ധമാണ് കർണാടക സംസ്ഥാനം. കോൺഗ്രസ് ഭരണകാലത്ത്, പ്രത്യേകിച്ചും ശ്രീ ഗുണ്ടുറാവു മുഖ്യമന്ത്രിയായിരുന്നപ്പോൾ, ആണ് ഉന്നത വിദ്യാഭ്യാസത്തിലെ കോഴ കർണാടക സംസ്ഥാനത്തിൽ വേരുപിടിച്ചു വളർന്നത്. കോൺഗ്രസ് പാർട്ടിയെ സ്ഥാനഭ്രഷ്ടമാക്കി ശ്രീ രാമകൃഷ്ണ ഹെഗഡേയുടെ നേതൃത്വത്തിൽ അധികാരത്തിൽ പ്രവേശിച്ച ജനതാപാർട്ടിയുടെ വാഗ്ദാനങ്ങളിൽ പ്രധാനപ്പെട്ടത് ഉന്നത വിദ്യാഭ്യാസമണ്ഡലത്തിൽനിന്നു കോഴ പൂർണമായും തുടച്ചുനീക്കുമെന്നതായിരുന്നു. ജനതാഗവണ്മെന്റ് ഇപ്പോൾ നിഷ്കാസിതമായിരിക്കുന്നു. കർണാടകത്തിൽ രാഷ്ട്രപതിയുടെ ഭരണം നിലവിൽവന്നിരിക്കുന്നു. എങ്കിലും ഉന്നത വിദ്യാഭ്യാസത്തിലെ കോഴ കർണാടകസംസ്ഥാനത്തിൽ ഇന്നും പഴയപോലെ പന്തലിച്ചുനിൽക്കുന്നു. ആര് ഭരിച്ചാലും കർണാടക സംസ്ഥാനത്തിന് ഈ തിന്മയിൽനിന്ന് ഇനി മോചനമുണ്ടാവുമെന്നു തോന്നുന്നില്ല.

കോഴ നിർത്തലാക്കുന്നതിന് ശ്രീ രാമകൃഷ്ണ ഹെഗഡേ ശ്രമിക്കായ്കയല്ല. 1984–ൽ കർണാടക നിയമസഭ പാസ്സാക്കിയ കർണാടക വിദ്യാഭ്യാസ സ്ഥാപന (തലവരി നിരോധ) നിയമത്തിൽ കോഴ വാങ്ങുന്ന വിദ്യാലയാധികൃതർക്ക് ഏഴു വർഷംവരെ തടവുശിക്ഷയും അയ്യായിരം രൂപവരെ പിഴയും ചുമത്താൻ വ്യവസ്ഥയുണ്ട്. ഇതിനു പുറമെ, ശിക്ഷിക്കപ്പെട്ട വിദ്യാലയാധികൃതർ പ്രവേശനത്തിനു വാങ്ങിയ കോഴ വിദ്യാർത്ഥികൾക്കു തിരിച്ചു നൽകാനും ബാദ്ധ്യസ്ഥരാണ്. 1988 ജൂലൈ 11 മുതൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിനു കോഴ വാങ്ങുന്നത് ഈ നിയമപ്രകാരം കർണാടക സംസ്ഥാനത്തിൽ നിരോധിക്കപ്പെട്ടിരിക്കുന്നു.

നിയമം ഇല്ലാഞ്ഞിട്ടല്ല. ഉള്ള നിയമം നടപ്പിലാക്കാൻ ആരുമുണ്ടായില്ല. സർക്കാരും പൊതുജനങ്ങളും ഒരുപോലെ ഈ പ്രശ്നത്തിൽ അലസത പുലർത്തി. അതിന്റെ ഫലമായി സംഭാവനയെന്ന പേരിലോ, രജിസ്ട്രേഷൻ ഫീസ് എന്ന പേരിലോ 1989-ൽ എൻജിനീയറിങ്-മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികളെ ചേർക്കുന്നതിനു ഭാരിച്ച കോഴ കോളേജ് അധികൃതർ ഇതിനകം വാങ്ങുകയുംചെയ്തു. എൻജിനീയറിങ് കോളേജുകളിൽ ഈ ആണ്ടിലെ തലവരി (ക്യാപിറ്റേഷൻ ഫീസ്) അറുപതിനായിരംമുതൽ എഴുപതിനായിരംവരെ രൂപയാണത്രെ. കർണാടകത്തിലെ മെഡിക്കൽ കോളേജുകളിൽ ചേരുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽനിന്ന് മൂന്നു ലക്ഷംമുതൽ നാലു ലക്ഷംവരെ രൂപ തലവരിയായി വാങ്ങിയിട്ടുണ്ടെന്നാണ് 1989 ഏപ്രിൽ 23–ാം തീയതിയിലെ 'ഡെക്കാൻ ഹെറാൾഡ്' പത്രം റിപ്പോർട്ടുചെയ്തിട്ടുള്ളത്.

1984–ലെ കർണാടക വിദ്യാഭ്യാസ സ്ഥാപന നിയമമനുസരിച്ചു തലവരി നിരോധിച്ചപ്പോൾ ആ നിയമത്തിൽ നിർദേശിച്ച പുതിയ ഫീസ്‌വ്യവസ്ഥ എൻജിനീയറിങ്–മെഡിക്കൽ കോളേജുകളിൽ ഗവൺമെന്റ് നിലവിൽവരുത്തേണ്ടതായിരുന്നു. അതു നിലവിൽവരുത്തിയിട്ടില്ലെന്നതാണ് ഈ വർഷവും

തലവരി വാങ്ങുന്നതിനു പല മാനേജർമാരും ഒഴികഴിവായി ചൂണ്ടിക്കാണിക്കുന്നതു്. എൻജിനിയറിങ്് കോളേജുകൾക്കും മെഡിക്കൽ കോളേജുകൾക്കുമായി രണ്ടു് ഔദ്യോഗികക്കമ്മിററികൾ ഇതു സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ചിരുന്നു. സംസ്ഥാന ഗവൺമെൻറ് രണ്ടു കമ്മിററികളുടെ ശുപാർശകളും അംഗീകരിക്കുകയുണ്ടായില്ല.

എൻജിനിയറിങ്് കോളേജുകളിലെ പുതിയ ഫീസ് വ്യവസ്ഥ സംബന്ധിച്ച ശുപാർശകൾ സമർപ്പിച്ചതു് അന്നത്തെ കർണാടക സംസ്ഥാനത്തിലെ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിററി ആയിരുന്നു. പ്രൈവററ് എൻജിനിയറിങ്് കോളേജുകളെ സഹായധനം ലഭിക്കുന്നവയെന്നും, അതു ലഭിക്കാത്തവയെന്നും രണ്ടു തരമായി ഈ കമ്മിററി തിരിച്ചു. രണ്ടുതരം കോളേജുകളിലും അമ്പതു ശതമാനം സീററുകൾ കർണാടകത്തിലെ വിദ്യാർത്ഥികൾക്കു സംവരണംചെയ്തു. ഇതിൽ മെറിററ് (മാർക്ക്) അടിസ്ഥാനത്തിൽ പ്രവേശനം നൽകേണ്ട വിദ്യാർത്ഥികളുടെ എണ്ണം അതാതു വർഷം ഗവൺമെൻറ് നിശ്ചയിക്കണമെന്നും, 1988–89–ൽ മെറിററ് അടിസ്ഥാനത്തിൽ 30 ശതമാനം വിദ്യാർത്ഥികൾക്കു പ്രവേശനം നൽകണമെന്നും നിർദേശിച്ചു. സഹായധനം ലഭിക്കുന്ന എൻജിനിയറിങ്് കോളേജുകളിൽ മെറിററ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽനിന്നു് 1200 രൂപയും, മാനേജുമെൻറ് ക്വോട്ടയിൽ പ്രവേശനം നേടുന്ന കർണാടകക്കാരായ വിദ്യാർത്ഥികളിൽനിന്നു് 5000 രൂപയും കർണാടകക്കാരല്ലാത്ത വിദ്യാർത്ഥികളിൽനിന്നു് 12,000 രൂപയും ട്യൂഷൻ ഫീസ് ആയും, എല്ലാവരിൽനിന്നും 325 രൂപ മററു ഫീസുകളായും ആണ്ടുതോറും വാങ്ങാമെന്നായിരുന്നു കമ്മിററിയുടെ നിർദേശം. സഹായധനം ലഭിക്കാത്ത എൻജിനിയറിങ്് കോളേജുകളിൽ മെറിററ് അടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന കർണാടകക്കാരായ വിദ്യാർത്ഥികൾ 2000 രൂപയും, മാനേജുമെൻറ് ക്വോട്ടയിൽ പ്രവേശനം നേടുന്ന കർണാടകക്കാരായ വിദ്യാർത്ഥികൾ 8000 രൂപവരെയും, കർണാടകക്കാരല്ലാത്ത വിദ്യാർത്ഥികൾ 12,500 രൂപവരെയും ആണ്ടുതോറും ട്യൂഷൻഫീസ് ആയും എല്ലാവരും 500 രൂപ വീതം മററു ഫീസ് ഇനങ്ങളിലും നൽകണമെന്നു കമ്മിററി നിർദേശിച്ചു.

സഹായധനം വാങ്ങുന്ന കോളേജുകൾ വിദ്യാർത്ഥികളിൽനിന്നു വാങ്ങിയ ഫീസിൻെറ കണക്കു സൂക്ഷിക്കുകയും സർക്കാർ നിർദേശിക്കുന്ന അധികൃതർക്കു കണക്കു സമർപ്പിക്കുകയും വേണം. സഹായധനം ലഭിക്കാത്ത കോളേജുകളും സാമ്പത്തികവർഷം അവസാനിക്കുന്നതിനു് ആറു മാസംമുമ്പു സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ഫീസ് കണക്കുകൾ ബോദ്ധ്യപ്പെടുത്തണം.

കമ്മിററിയുടെ ഈ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടില്ല. അംഗീകരിക്കുമോ എന്നു് അറിഞ്ഞുകൂടാ.

ഫീസ് എന്ന പേരിൽ ഒരേ ഗഡുവായി വലിയ തുകകൾ വിദ്യാർത്ഥികളിൽനിന്നു പിരിച്ചെടുക്കാൻ മാനേജുമെൻറുകളെ അനുവദിക്കരുതെന്നു മുൻപറഞ്ഞ കമ്മിററി ശക്തിയായി ശുപാശ്ചെയ്തിരുന്നു. പക്ഷേ, മാനേജുമെൻറുകൾ പൊതുവെ ഇതിനെ എതിർത്തിരിക്കുകയാണു്. വലിയ തുക കൊടുത്തു ചേരാൻ വിദ്യാർത്ഥികൾ മടിക്കുന്ന സിവിൽ എൻജിനിയറിങ്്, എലക്ട്രിക്കൽ എൻജിനിയറിങ്് മുതലായ വകുപ്പുകളിലുള്ള കുറേയധികം സീററുകൾ, വിദ്യാർത്ഥികൾ തിരക്കിക്കയറുന്ന ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് മുതലായ വകുപ്പുകളിലേക്കു മാററുന്നതിൽ മാനേജുമെൻറുകൾ ഇതിനകം വിജയിച്ചിട്ടുള്ളതായും പറയപ്പെടുന്നു.

കർണാടകത്തിൽ പതിനെട്ടു് മെഡിക്കൽ കോളേജുകൾ ഇപ്പോൾ ഉണ്ടു്. ഇവയിൽ ആറെണ്ണത്തിനു് ഇന്ത്യൻ മെഡിക്കൽ കൗൺസിലിൻെറ അംഗീകാരമില്ല. അഞ്ചു പുതിയ പ്രൈവററ് മെഡിക്കൽ കോളേജുകൾക്കുകൂടി അനുവാദം നൽകാൻ ജനതാ ഗവൺമെൻറ് ആലോചിച്ചുവരികയാണെന്നു് റിപ്പോർട്ടുകളുണ്ടായിരുന്നു. മെഡിക്കൽ കോളേജ് നടത്താനായി ഷിമോഗയിൽ ഒരു ട്രസ്റ്റ്

ജനതാമന്ത്രിസഭയിലെ ഒരു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപവൽക്കരിച്ചിട്ടുണ്ടത്രെ. ആ ട്രസ്റ്റിൽ രണ്ടു കോൺഗ്രസ് നേതാക്കൾ ട്രസ്റ്റികളായുണ്ട്. അതിന്റെ ഖജാൻജി ഒരു ചാരായമുതലാളിയാണ്. കൂടുതൽ വിദ്യാർത്ഥികളെ ചേർക്കാൻ തങ്ങളെ അനുവദിക്കണമെന്ന് കർണാടകത്തിലെ എല്ലാ പ്രൈവറ്റ് മെഡിക്കൽ കോളേജുകളും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ ചുമത്തേണ്ട ഫീസിനെപ്പറ്റി പഠിച്ചു ശുപാർശചെയ്യാൻ നിയമിക്കപ്പെട്ട ഔദ്യോഗികക്കമ്മിറ്റി വിദ്യാർത്ഥികളിൽനിന്ന് ആണ്ടിൽ 35,000 രൂപവരെ ഫീസ് വാങ്ങാമെന്നു നിർദേശിച്ചിട്ടുണ്ടത്രെ. ഇതിനെപ്പറ്റി ഗവൺമെന്റും കോളേജ് മാനേജുമെന്റുകളും തമ്മിൽ ചർച്ചകൾ നടക്കുകയാണെന്ന് റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ, ഈ ചർച്ചകളുടെ ഫലം എന്താണെന്നറിയാൻ കാത്തുനില്ക്കാതെ അടുത്ത ആണ്ടിൽ മെഡിക്കൽ കോളേജുകളിൽ ചേരാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽനിന്നു സംഭാവനയെന്ന പേരിലും രജിസ്ട്രേഷൻ ഫീസ് എന്നപേരിൽ വലിയ തുകകൾ ഇതിനകം മാനേജുമെന്റുകൾ വാങ്ങിക്കഴിഞ്ഞതായി പറയപ്പെടുന്നു.

കർണാടകത്തിൽ പ്രൊഫഷണൽ കോളേജുകളിൽ കോഴസ്സമ്പ്രദായം വളർത്തിയെടുത്തതു് കോൺഗ്രസ് പാർട്ടിയാണ്. ആ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് അവിടത്തെ കോൺഗ്രസ്സുകാർക്ക് ആഗ്രഹമുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൂടാ. കോഴ നിയന്ത്രിക്കാൻ ഒരു നിയമം ഉണ്ടാക്കിയപ്പോൾ ജനതാപാർട്ടിയുടെ (ഇപ്പോൾ ആ പാർട്ടിയുടെ പേരു് ജനതാദൾ എന്നാണ്) ഉദ്ദേശ്യം എന്തായിരുന്നാലും ഇത്രയും വർഷങ്ങൾകൊണ്ട് അവരും കോഴസ്സമ്പ്രദായത്തിന്റെ സമർത്ഥകരായിത്തീർന്നിട്ടുണ്ട് എന്ന് ആ നിയമം നടപ്പിൽവരുത്തുന്നതിൽ അവർ കാണിക്കുന്ന അക്ഷന്തവ്യമായ അലസതയെ മുൻനിർത്തി നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഇപ്പോൾ നിലവിലുള്ള രാഷ്ട്രപതിഭരണത്തിന് ഈ കോഴസമ്പ്രദായം അവസാനിപ്പിക്കാനുള്ള താല്പര്യമോ ഇച്ഛാശക്തിയോ ഉണ്ടായിരിക്കാനിടയില്ല. കോഴ വാങ്ങുന്നവർക്കെന്നപോലെ കോഴ നൽകുന്നവർക്കും കോഴയിൽ നിക്ഷിപ്ത താല്പര്യമുണ്ട്. സേവനത്തിനുള്ള അവസരമെന്ന നിലവിട്ട്, മെഡിക്കൽ–എൻജിനിയറിങ്–പ്രൊഫഷനുകൾ അന്തസ്സിന്റെ ചിഹ്നമായിരിക്കയാണല്ലൊ. തങ്ങളുടെ സന്താനങ്ങൾക്ക് അന്തസ്സു കൈവരുത്താൻ ഒന്നോ രണ്ടോ ലക്ഷം രൂപ കോഴയിനത്തിൽ ചെലവഴിക്കുന്നതിനു ധനികരായ, പ്രത്യേകിച്ചു പുത്തൻപണക്കാരായ രക്ഷിതാക്കൾക്കു സന്തോഷമേ കാണുകയുള്ളു.

ഫലം: കർണാടകത്തിലെ ഉന്നത വിദ്യാഭ്യാസം കോഴയിൽനിന്നു വിമുക്തമാകാൻ പോകുന്നില്ല. 1984-ലെ വിദ്യാഭ്യാസ സ്ഥാപന (തലവരി നിരോധ) നിയമം ആ സ്റ്റേറ്റിലെ കോഴവിദ്യാഭ്യാസത്തിന്റെ ഇരുണ്ട ചരിത്രത്തിൽ ഒരടിക്കുറിപ്പായി, നിർജീവമായി അവശേഷിക്കുമെന്നേ നാം പ്രതീക്ഷിക്കേണ്ടു.

23 ഏപ്രിൽ, 1989

## 9. ജനസംഖ്യാവിദ്യാഭ്യാസം

മനുഷ്യവർഗത്തെ പൊതുവെയും ഇന്ത്യക്കാരായ നമ്മെ പ്രത്യേകിച്ചും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ ഏറ്റവുമധികം ആപത്ക്കരവും ഏറ്റവുമധികം സങ്കീർണവും അതിനാൽത്തന്നെ പരിഹാരം കാണാൻ ഏറ്റവുമധികം പ്രയാസമുള്ളതുമായ പ്രശ്നം ജനസംഖ്യയുടെ അനിയന്ത്രിതമായ പെരുപ്പമാകുന്നു.

പ്രശ്നപരിഹാരമാണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യമെങ്കിൽ ജനസംഖ്യാവർധനയെന്ന പ്രശ്നത്തിന്റെ ശരിയായ സ്വഭാവം, ജനവർധന നിയന്ത്രണാ